പതിനാലാം കേ ്നിയമസഭ

15-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1389 | 11.06.2019-ൽ മറുപടിക്ക്

റിവർ മാനേജ്മെന്റ് ഫണ്ട് പ്രവൃത്തികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. ഇ. ചന്ദ്രശേഖരൻ (ബഹു.റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) | കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിൽ നിന്നും 2017-18, 2018-19 വർഷങ്ങളിൽ ഏതെല്ലാം പദ്ധതികൾ റിവർ മാനേജ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്; ഇതിൽ ഏതെല്ലാം പ്രവൃത്തികൾ അംഗീകരിച്ചിട്ടുണ്ട്; അംഗീകരിച്ച പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമായിട്ടുണ്ടോ; | (എ) | 1. മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം പഞ്ചായത്തിൽ മണ്ണാത്തിപ്പാറക്ക് സമീപം ചെങ്ങണക്കടവിന് മേൽഭാഗത്ത് ഭാരതപ്പുഴയുടെ വലത് കര സംരക്ഷണം - ( ാം ഘട്ടം എന്ന പ്രവൃത്തി സംസ്ഥാന ഉന്നതതല സമിതി പ്രതിനിധി സ്ഥലപരിശോധന നടത്തി ശുപാർശ ചെയ്ത കണ്ടെത്തലുകൾകൂടി ഉൾപ്പെടുത്തി 25 ലക്ഷം രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് ആയി സർക്കാരിൽ ലഭിച്ചിട്ടുണ്ട്. പുതുക്കിയ എസ്റ്റിമേറ്റ് അടുത്ത സംസ്ഥാന ഉന്നതതല സമിതി യോഗത്തിന്റെ പരിഗണനയ്ക്കായി സമർപ്പി ക്കുന്നതാണ്.<br><br>2. പൊൻമള പഞ്ചായത്തിൽ പൊൻമള തേനാറമ്പ് വടക്കെ കണ്ടിൽ കടലുണ്ടിപ്പുഴയുടെ ഇടത് കര സംരക്ഷണ പ്രവൃത്തി -24.60 ലക്ഷം രൂപ. ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് സർക്കാരിൽ സമർപ്പി ച്ചിട്ടില്ല. |
| (ബി) | ഭാരതപ്പുഴയുമായി ബന്ധപ്പെട്ട് എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്; വ്യക്തമാക്കാമോ ; | (ബി) | ഭാരതപ്പുഴയുമായി ബന്ധപ്പെട്ട് പുതിയ പദ്ധതികൾക്കൊന്നും ഭരണാനുമതി ലഭ്യമായിട്ടില്ല. |
| (സി) | റിവർ മാനേജ്മെന്റ് ഫണ്ടിൽ ഉൾപ്പെട്ട പ്രവൃത്തികളുടെ സാങ്കേതിക പരിശോധനാ റിപ്പോർട്ട് ലഭ്യമാക്കുമോ; പ്രസ്തുത പ്രവൃത്തികൾ അടിയന്തരമായി നടപ്പിലാക്കേണ്ട താണെങ്കിൽ ആയതിനുള്ള അനുമതി ലഭ്യ മാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ ; | (സി) | സാങ്കേതിക പരിശോധനാ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.<br>1) മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം പഞ്ചായത്തിലെ മണ്ണാത്തിപ്പാറക്ക് സമീപം ചെങ്ങണക്കടവിന് മേൽ ഭാഗത്ത് ഭാരതപ്പുഴയുടെ വലത് കര സംരക്ഷണ പ്രവൃത്തി-സമീപകാലത്തുണ്ടായ വെള്ളപ്പൊക്കത്തിൽ ഈ പ്രദേശത്ത് കരയിടിച്ചിൽ രൂക്ഷമായിട്ടുണ്ട്. ആയതിനാൽ ഈ പ്രദേശത്തെ താമസക്കാരുടെ വീടുകൾക്കും സമീപത്തുള്ള സ്കൂൾ റോഡിനും കരയിടിച്ചിൽ ഭീഷണിയായിട്ടുണ്ട്. ഈ പ്രവൃത്തിക്ക് എസ്റ്റിമേറ്റിൽ 50 മീറ്റർ നീളത്തിലും 5 മീറ്റർ ഉയരത്തിലും കരിങ്കൽഭിത്തി നിർമ്മിക്കുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. അടിത്തറയ്ക്ക് കോക്കനട്ട് പൈലും ഭിത്തിക്കിടയിലും മുകൾ ഭാഗത്ത് |

കോൺക്രീറ്റ് ബെൽറ്റും എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മൊത്തം എസ്റ്റിമേറ്റ് തുക 35 ലക്ഷം രൂപയാണ്. എസ്.എച്ച്.എൽ.സി, പ്രതിനിധി ജലസേചന വകുപ്പ്, റവന്യൂ തദ്ദേശ സ്വയംഭരണ സ്ഥാപന പ്രതിനിധികൾ, പരാതിക്കാർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ സ്ഥലപരിശോധനയുടെ ഭാഗമായ കണ്ടെത്തലുകൾ ചുവടെ ചേർത്തിട്ടുണ്ട്.

പ്രസ്തുത ഭാഗത്തോട് ചേർന്നുള്ള ഡ്രൈനേജിലൂടെ വരുന്ന മഴവെള്ളം ഒഴുകുന്നതിന് സ്റ്റോൺ പാവിംങ്ങ് ചെയ്യാനും പഞ്ചായത്തുമായി ബന്ധപ്പെട്ട് ഡിസ്പോസൽ സംവിധാനം ഉൾപ്പെടുത്താനും നിർദ്ദേശിച്ചു. തൊട്ടടുത്തുള്ള സംരക്ഷണഭിത്തിയുടെ ഉയരത്തിൽ കൂടുതൽ വരാതെയും നിലവിലെ പാറഭാഗത്തെ ഒഴിവാക്കാനും നിർദ്ദേശിച്ചു.

2) പൊൻമള ഗ്രാമപഞ്ചായത്തിൽ രണ്ടാം വാർഡിൽ തേമ്പറമ്പ് വടക്കെ കുണ്ടിൽ ഭാഗത്ത് കടലുണ്ടിപ്പുഴയിൽ ഇടത് കര സംരക്ഷണ ഭിത്തി നിർമ്മാണം - ഈ പ്രവൃത്തിക്ക് 3 ഗുണഭോക്താക്കളുണ്ടെങ്കിലും രണ്ട് പേരുടെ വീടുകൾ കരയോട് അടുത്തായതിനാൽ 50 മീറ്റർ നീളത്തിൽ 5 മീറ്റർ ഉയരത്തിൽ കരിങ്കൽ ഭിത്തി കെട്ടി അടിയന്തിരമായി സംരക്ഷിക്കേണ്ടതുണ്ട്. അതിനായുള്ള എസ്റ്റിമേറ്റ് ഉൾപ്പെടെയുള്ള വിശദമായ ശിപാർശ ജില്ലാ കളക്ടർ ലഭ്യമാക്കിയിട്ടില്ല.

(ഡി) പൊൻമള ഗ്രാമപഞ്ചായത്തിലെ തെമ്പരമ്പ് വടക്കേകുണ്ട് കടലുണ്ടി പുഴയുടെ ഇടതുകര സംരക്ഷണം എന്ന പദ്ധതി റിവർ മാനേജ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ഡി) ഈ പദ്ധതി ആർ.എം.എഫിൽ ഉൾപ്പെടുത്തി DLEC സ്ഥല സന്ദർശനം നടത്തി എസ്റ്റിമേറ്റ് DLEC-യുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ളതാണ്.

(ഇ) ശ്രീദുർഗ്ഗാ ഭഗവതി ക്ഷേത്രം സ്ഥിതിചെയ്യുന്ന ഭാരതപ്പുഴയുടെ വലതുകര ഇടിഞ്ഞുപോകുന്നത് തടയുന്നതിനുള്ള നിർദേശം റിവർ മാനേജ്മെന്റ് ഫണ്ടിൽ ഉൾ പ്പെടുത്തിയിട്ടും പ്രസ്തുത വിഷയം കമ്മിറ്റി പരിഗണിച്ചിട്ടില്ലെന്ന കാര്യം പരിശോധിക്കുമോ; ആയതിനുള്ള ഭരണാനുമതി ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

(ഇ) ഈ പ്രവൃത്തി 03.11.2017-ൽ ചേർന്ന സംസ്ഥാന ഉന്നതതല സമിതി യോഗം പരിശോധിച്ചു. സമിതി അംഗം ടി സ്ഥലം പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിച്ചു. മുഴുവൻ ഭാഗത്തിലും 2 മുതൽ 3 മീറ്റർ ഉയരത്തിൽ കരിങ്കൽഭിത്തി നിർമ്മാണവും കൂടാതെ ജൈവവേലി സംരക്ഷണവും ഉൾപ്പെടുത്തി പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിക്കാൻ മലപ്പുറം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**